To

**Shri. T. K. JOSE IAS**
Secretary LSGD
Govt. of Kerala
Thiruvananthapuram

**വിഷയം: LSGD ഹോംസ്റ്റേകൾക്ക് ചുമത്തുന്ന അധികനികുതി കുറക്കുന്നത് സംബന്ധിച്ച്**

സർ,

കേരളത്തിൽ ഹോംസ്റ്റേകൾക്ക് ടൂറിസം വകുപ്പിൽ നിന്നും "ക്ലാസ്സിഫിക്കേഷൻ" എടുക്കണമെങ്കിൽ തദ്ദേശസ്വയം ഭരണവകുപ്പിൽ നിന്നും "ഓണർ കം റസിഡൻസ് സർട്ടിഫിക്കറ്റ്" കൊടുക്കേണ്ടതുണ്ട്. ഇത് വാങ്ങാൻ ചെല്ലുമ്പോൾ സ്ക്വയർ മീറ്ററിന് 30 രൂപ മുതൽ 60 രൂപ വരെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷനുകൾ സംരംഭകരിൽ നിന്നും വാങ്ങുന്നു.

ലൈസൻസ് ഫീ ഇനത്തിൽ കൗൺസിലിന്റെ തീരുമാനപ്രകാരം മറ്റൊരു തുകയും തദ്ദേശസ്വയം ഭരണവകുപ്പിൽ വാങ്ങുന്നു. ഈ കൊടുക്കുന്ന തുക കൂടാതെ 2000 രൂപ ടൂറിസം വകുപ്പിൽ കെട്ടി വെച്ചിട്ടാണ് പഞ്ചായത്തിൽ/മൽ സർട്ടഫിക്കറ്റിനു അപേക്ഷിക്കേണ്ടത്.

ക്ലാസിഫിക്കേഷൻ വെരിഫിക്കേഷൻ കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് ലഭിക്കാൻ 3500 രൂപ മുതൽ 5500 രൂപ വരെ ടൂറിസം വകുപ്പിൽ വീണ്ടും കെട്ടിവെക്കേണ്ടതാണ്. ഇത് 3 കൊല്ലത്തേക്ക് മാത്രമാണ്. ഇത് പുതുക്കാൻ ചെല്ലുമ്പോൾ ഈ പ്രക്രിയ ആവർത്തിക്കേണ്ടതുണ്ട്.

ഹോംസ്റ്റേയുടെ പ്രവർത്തനം ആരംഭിച്ചാൽ 2 മുറിയിൽ താഴെയുള്ള 1000 രൂപയിൽ കവിയാത്ത ദിവസവരുമാനമുണ്ടെങ്കിൽ 0.5% ആഡംബര നികുതി കൊടുക്കണം. രണ്ട് മുറിയിൻ കൂടുതലാണെങ്കിൽ 10% ആഡംബര നികുതി കൊടുക്കണം.

മുൻസിപ്പാലിറ്റി കോർപ്പറേഷനുകളിൽ 1000 രൂപ ഹോംസ്റ്റേ നടത്തിപ്പുകാർ പ്രൊഫനൽ ടാക്സ് ഇനത്തിലും കൊടുക്കണം.

ഹോംസ്റ്റേ ലൈസൻസ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കണമെങ്കിൽ താൻ താമസിക്കുന്ന വീടിന്റെ താരിഫ്, കൊമേഴ്സ്യൽ പർപ്പസിലേക്കുള്ള കെട്ടിടമാക്കി LSGD മാറ്റുന്നു. തുടർന്ന് ഒരു കൊമേഴ്സ്യൽ സ്ഥാപനം കൊടുക്കേണ്ട എല്ലാവിധ ടാക്സുകളും ഹോംസ്റ്റേ സംരംഭകൻ കൊടുക്കാൻ നിർബന്ധിതനാകുന്നു. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാൻ നിർദ്ദേശിക്കുന്ന മുറികൾ മാത്രം കൊമേഴ്സ്യൽ ആക്കാൻ ആവശ്യപ്പെടുന്നു. ചിലർ വീട് മുഴുവൻ കൊമേഴ്സ്യൽ ആക്കാൻ നിർദ്ദേശിക്കുന്നു.

രണ്ടുനില വീടുകളാണെങ്കിൽ മുകളിലത്തെ നിലയിലേക്ക് കയറാൻ വീടിന് അകത്തുനിന്നും ഗോവണിവേണമെന്നാണ് ടൂറിസം വകുപ്പ് നിർദ്ദേശിക്കുന്നത്. എന്നാൽ

......2..

തദ്ദേശസ്വയംഭരണ വകുപ്പ് ഈ ഗോവണി വീടിന് പുറത്തുവെക്കണമെന്നും പുറത്തുനിന്ന് രണ്ടാമത്തെ നിലയിലേക്ക് കയറണമെന്നും നിർദ്ദേശിക്കുന്നു. അങ്ങിന താഴത്തെ നില ഹോം താരിഫും മുകളിത്തെ നില കൊമേഴ്സ്യൽ താരിഫുമാക്കി വീട് വിഭജിക്കപ്പെടുന്നു.

**താഴെ പറയുന്ന നിർദ്ദേശങ്ങൾ അങ്ങയുടെ അടിയന്തിര തീരുമാനത്തിനായി സമർപ്പിക്കുന്നു.**

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ NOC യോടുകൂടി ടൂറിസം വകുപ്പിൽ നിന്നുമാത്രം ലൈസൻസോ, ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റോ ലഭിക്കുന്ന സംവിധാനം ഉണ്ടാക്കണം.
2. ഹോംസ്റ്റേകൾക്ക് സംസ്ഥാനത്ത് ഒരു ലൈസൻസ് മാത്രം എടുക്കേണ്ട സംവിധാനത്തിന് ശുപാർശ ചെയ്യണം.
3. NOC ലഭിക്കുന്നതിലേയ്ക്കായി ഒരു ചെറിയ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എടുക്കാവുന്നതാണ്.
4. NOC യ്ക്കായി അപേക്ഷിക്കുന്ന വീടുകൾ വീടുകളായി തന്നെ നിലനിർത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒന്നിൽ കൂടുതൽ ഫീസുകൾ ഈടാക്കുന്നതൊഴിവാക്കി ഒരു ഫീസ് മാത്രം ഈടാക്കുന്ന സംവിധാനം ഉണ്ടാക്കണം.
6. 2015 ഫെബ്രുവരി മാസം ഇറക്കിയ 406-ാം നമ്പർ ഉത്തരവ് പിൻവലിക്കാൻ നടപടിയുണ്ടാകണം. (ഉത്തരവിന്റെ കോപ്പി വെയ്ക്കുന്നു)

<u>അപേക്ഷയോടൊപ്പം വയ്ക്കുന്ന മറ്റു രേഖകൾ</u>

1) ടൂറിസം വകുപ്പ് ഡയറക്ടർ സെക്രട്ടറിക്കു നൽകിയ ശുപാർശ കത്ത്
2) 2015 ഫെബ്രുവരി മാസം LSGD വകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവ്
3) ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ സംബന്ധിച്ച് ടൂറിസം വകുപ്പ് 2015 ൽ ഇറക്കിയ ഉത്തരവ്

എന്ന്,

**M. P. Sivadathan**
Director
Kerala Homestay & Tourism Society
(Kerala Hats)
Kumbalanghi P.O., Cochin - 7
E-mail: sivadattan@gmail.com
Mob: 93492 53124

Kochi
9-11-2016